വേണ്ടി ഒരു ക്ഷേമനിധി രൂപീകരിക്കാൻ സംസ്ഥാന സർക്കാർ തീരുമാനിക്കുകയും കേരളാ ടെയിലറിംഗ് വർക്കേഴ്സ് വെൽഫയർ ഫണ്ട് ബിൽ 1991 എന്ന പേരിൽ ആ ബില്ലിന് സംസ്ഥാന മന്ത്രിസഭ അംഗീകാരം നൽകുകയും ചെയ്തിട്ടുണ്ട്. ഈ ബില്ലിന്റെ പ്രധാന വ്യവസ്ഥകളെ സംബന്ധിച്ച് തയ്യൽ തൊഴിലാളികളുടെ സംഘടനാപ്രതിനിധികളുമായി ചർച്ച ചെയ്തു. തൊഴിലാളികളും ക്ഷേമനിധി ഫണ്ടിലേക്ക് നൽകുന്ന വിഹിതത്തിന്റെ 10 ശതമാനം സംസ്ഥാന ഗവൺമെന്റ് ഈ നിധിയിലേക്ക് നൽകുന്ന തിനും വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഈ വിവരങ്ങളും തൊഴിലാളികളുടെ സംഘടനാ നേതാക്കൻമാരെ അറിയിച്ചിട്ടുള്ളതാണ്. ഒരു സമരത്തിന്റെ ആവശ്യം ഈ കാര്യത്തിലില്ലെന്ന വസ്തുത അവരുടെ പ്രതിനിധികളോട് ഞാൻ ചൂണ്ടിക്കാണിച്ചിട്ടുള്ളതാണ്. ഗവൺമെന്റ് അംഗീകരിച്ച ഒരു കാര്യത്തിനുവേണ്ടി ഒരു സമരം ആവശ്യമില്ലാത്തതാണെന്ന് ചൂണ്ടിക്കാണിക്കാൻ ഞാൻ ഈ അവസരത്തിൽ ആഗ്രഹിക്കുകയാണ്.

(10) പുനലൂർ പേപ്പർ മിൽ തുറന്നു പ്രവർത്തിപ്പിക്കണമെന്ന ആവശ്യം

ശ്രീ. ജെ. ചിത്തരഞ്ജൻ: സർ, കഴിഞ്ഞ നിയമസഭകളിലെല്ലാം ഉന്നയിച്ച പ്രശ്നം തന്നെയാണ് ഞാൻ വീണ്ടും ഉന്നയിക്കുന്നത്. പുനലൂർ പേപ്പർ മിൽ അടച്ചുപൂട്ടിയിട്ട് ഇപ്പോൾ 42 മാസം പിന്നിട്ടിരിക്കുകയാണ്. 42 മാസത്തെ ദീർഘമായ അടച്ചുപൂട്ടൽ മൂലം അവിടെ പണിയെടുക്കുന്ന തൊഴിലാളികൾ വളരെ ദുരിതമനുഭവിച്ചുകൊണ്ടിരിക്കുകയാണ്. ഈ മിൽ തുറപ്പിക്കുന്നതിനുവേണ്ടി ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് ചില ശ്രമങ്ങളൊക്കെ നടന്നിട്ടുണ്ടെന്ന് എനിക്കറിയാം. എന്നാൽ ധനകാര്യ സ്ഥാപനങ്ങളെ സംബന്ധിച്ചിടത്തോളം ഈ കാര്യത്തിൽ നേരത്തെയെടുത്തിരുന്ന നിലപാടിൽനിന്നും കുറച്ചുകൂടി അയവേറിയ സമീപനമാണ് സ്വീകരിച്ചിരിക്കുന്നതെന്നാണ് ഞാൻ അറിയുന്നത്. അങ്ങനെയാണെങ്കിൽ ആ സാഹചര്യമുപയോഗിച്ചുകൊണ്ട് ഈ പേപ്പർ മിൽ തുറപ്പിക്കാനാവശ്യമായ സത്വര നടപടി ഈ ഗവൺമെന്റ് സ്വീകരിക്കണമെന്നാണ് എനിക്ക് ഈ അവസരത്തിൽ പറയാനുള്ളത്.

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി കെ. ആർ. ഗൗരി അമ്മ): സർ, പുനലൂർ പേപ്പർ മിൽ തുറപ്പിക്കാൻ വേണ്ടിയുള്ള ശ്രമങ്ങൾ നിരന്തരമായി ഈ ഗവൺമെന്റ് നടത്തിയിട്ടുണ്ട്. ബോംബെ ഹൈക്കോടതിയുടെ ഉത്തരവുപ്രകാരം ഈ കമ്പനിയുടെ വസ്തുവകകൾ ഇന്ന് റിസീവറുടെ കൈവശമാണ്. ഐ.സി.ഐ.സി.ഐ. ഫയൽ ചെയ്ത ഒരു കേസിൻമേലാണ് വിധിയുണ്ടായത്. റിസീവറുടെ നിയമനത്തിനെതിരെ മാനേജുമെന്റ് ഫയൽ ചെയ്ത ഒരു കേസും നിലവിലുണ്ട്. കേന്ദ്ര ഗവൺമെന്റിന്റെ ഉടമയിലുള്ള ഹിന്ദുസ്ഥാൻ ന്യൂസ്പ്രിൻറിനെ കൊണ്ട് മിൽ ഏറ്റെടുപ്പിക്കാൻ ശ്രമിച്ചെങ്കിലും ആ ശ്രമം നടന്നില്ല. ഹിന്ദുസ്ഥാൻ ന്യൂസ്പ്രിൻറ് ലിമിറ്റഡ് 1989-ൽ നടത്തിയ ഫീസിബിലിറ്റി സ്റ്റഡി പ്രകാരം ഈ മിൽ തുറന്ന് പ്രവർത്തിപ്പിക്കുന്നതിന് സ്റ്റാഫ്യൂട്ടറി കുടിശ്ശികയും ശമ്പള കുടിശ്ശികയുമുൾപ്പെടെ 1140 ലക്ഷം രൂപ അടിയന്തിരമായി ആവശ്യമാണ്. കൂടാതെ സമീപ ഭാവിയിൽ 25 കോടി രൂപ ഗവൺമെന്റ് ചെലവുചെയ്യേണ്ടതായും വരും. 25-9-1990-ൽ ഡാൽമിയായും, ഐ.സി.ഐ.സി.ഐ.-യുടെ പ്രതിനിധികളുമായി

LIBRARY ARCHIVES Kerala Legislative Assembly

ഗവൺമെൻറ് നടത്തിയ ചർച്ചയിൽ പുനലൂർ പേപ്പർ മിൽ തുറന്ന് പ്രവർത്തിപ്പിക്കുന്നതിനെറ സാദ്ധ്യതകൾ ആരാഞ്ഞു. പ്രസ്തുത ചർച്ചയിൽ വച്ച് എ.പി. റയോൺസ് കമ്പനിയുമായി ഉണ്ടാക്കിയ ഒരു സെറ്റിൽമെൻറുപോലെ ഒരു സെറ്റിൽമെൻറ് കാനറാ ബാങ്കും ഐ.സി. ഐ.സി ഐ.-യുമായി തയ്യാറാക്കണമെന്ന താൽപര്യം പ്രകടിപ്പിച്ചു. മൂന്നുമാസത്തിനകം അതുസംബന്ധിച്ച് തീരുമാനമെടുത്തറിയിക്കാമെന്ന് ഡാൽമിയ ഏറ്റിരുന്നതാണ്. എന്നാൽ ഇതുവരെ ആ കാര്യത്തിൽ തീരുമാനമായിട്ടില്ല. പിന്നീട് ഗവൺമെൻറ് ഐ.സി.ഐ.സി.ഐ.-യുമായി നടത്തിയ ചർച്ചയുടെ അടിസ്ഥാനത്തിൽ ഇപ്പോൾ താഴെ കാണുന്ന നിർദ്ദേശങ്ങൾ ഐ.സി.ഐ.സി.ഐ. മുന്നോട്ടുവച്ചിരിക്കുകയാണ്.

1. കേരളാ റിലീഫ് അണ്ടർടേക്കിംഗ് ആക്ടനുസരിച്ച് കമ്പനിയുടെ മാനേജ്മെൻറ് ഏറ്റെടുക്കുക, അല്ലെങ്കിൽ മിൽ നാഷണലൈസ് ചെയ്യുക.

2. തൊഴിലാളികളുമായി ചർച്ച നടത്തി മിൽ തുറക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.

3. പേപ്പർ ഇൻഡസ്ട്രിയിൽ നല്ല പരിചയമുള്ള ഒരു വിദഗ്ദ്ധനെ മാനേജിംഗ് ഡയറക്ടർ/ചീഫ് എക്സിക്യൂട്ടിവായി നിയമിക്കുക.

4. മിൽ തുറന്ന് പ്രവർത്തിപ്പിക്കുന്നതിനെക്കുറിച്ച് പഠിക്കാൻ ഒരു ടെക്നിക്കൽ കൺസൽറ്റൻറിനെ നിയമിക്കുക. ഈ നിർദ്ദേശങ്ങൾ ഇപ്പോൾ കിട്ടിയിട്ടുണ്ട്. അത് ഗവൺമെൻറ് പരിശോധിച്ചുവരികയാണ്.

(11) ഹരിജൻ കോളനി നിവാസികൾക്ക് പട്ടയം

ശ്രീ. എം. ദാസൻ: സർ, കോഴിക്കോട് പട്ടണത്തിലെ ശുചീകരണ തൊഴിലാളികൾ താമസിക്കുന്ന ഗാന്ധിനഗർ, അംബേദ്ക്കർ, കാട്ടുവയൽ, കല്ലുത്താംകടവ്, പയ്യാനക്കൽ തുടങ്ങിയ ഹരിജൻ കോളനികളിൽ താമസിക്കുന്ന കോളനി നിവാസികൾക്ക് ഇതുവരെയായി പട്ടയം ലഭിച്ചിട്ടില്ല. കഴിഞ്ഞ 20 വർഷമായി അവർ അവിടെ താമസിച്ചുവരികയാണ്. അതുകൊണ്ട് അടിയന്തിരമായി ഈ കോളനി നിവാസികൾക്ക് പട്ടയം നൽകാനാവശ്യമായ നടപടിയെടുക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

റവന്യൂവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. പി. എസ്. ശ്രീനിവാസൻ): സർ, കോഴിക്കോട് നഗരത്തിലെ ഗാന്ധിനഗർ കാട്ടുവയൽ, അംബേദ്ക്കർ എന്നീ ഹരിജൻ കോളനികളിൽ 160-ലധികം വരുന്ന ആദിവാസികളെ അധിവസിപ്പിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കണമെന്നാണ് സബ്മിഷൻ. കോഴിക്കോട് കോർപ്പറേഷൻ നഗര ശുചീകരണ തൊഴിലാളികളായ 160 പട്ടികജാതിക്കാരെ നഗരത്തിൻെറ വിവിധ ഭാഗങ്ങളിലെ കോളനികളിൽ കുടിയിരുത്തിയിട്ടുണ്ട്. അവർ മൂന്നു സെൻറു മുതൽ 5 സെൻറ് വരെ ഭൂമി കൈവശം വച്ചുവരുന്നവരാണ്. ഈ ഭൂമി ഇപ്പോഴും കോഴിക്കോട് കോർപ്പറേഷൻെറ കൈവശത്തിലാണ്. ഈ ഭൂമി കോർപ്പറേഷൻ സർക്കാരിലേക്ക് കൈമാറ്റം ചെയ്താൽ മാത്രമേ കൈവശക്കാർക്ക് പട്ടയം നൽകാൻ നിവൃത്തിയുള്ളൂ. അതിനാവശ്യമായ നടപടികളെടുക്കുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly